***<u>ഭരണ ഭാഷ - മാതൃഭാഷ</u>***

ഇടുക്കി യൂണിറ്റ് 2 ഇൻറേണൽ വിജിലൻസ് ഓഫീസറുടെ നടപടി ക്രമം

( ഹാജർ- ജോസഫ് റ്റി.എഫ് )

സിറ്റിസൺ അദാലത്ത്- പരാതിയിലുള്ള തീരുമാനം നടപ്പാക്കുന്നത് സംബന്ധിച്ച്.

---

നം. സി.ആർ.ഐ.ഡി.കെ21265000017 തിയതി : 30.05.2025

---

പരാമർശം : 1. ശ്രീ ഷിബു, കറ്റുവീട്ടിൽ,വള്ളക്കടവ്,കട്ടപ്പന എന്നയാളുടെ 24.07.2024 തിയതിയിലെ അപേക്ഷ

2. ഇടുക്കി റവന്യൂ ഡിവിഷണൽ ഓഫീസറുടെ RDOIDK/1138/2024-C2 നം. നിർദ്ദേശം

***<u>ഉത്തരവ്</u>***

സൂചന 1.ലെ അപേക്ഷകന്റെ മാതാവായിരുന്ന തങ്കമ്മ ഫൽഗുനൻ, കറ്റുവീട്ടിൽ, വള്ളക്കടവ്, കട്ടപ്പന എന്നയാളുടെ 02.01.2023 തിയതിയിൽ തൃശൂർ ജില്ലയിലെ കോടശ്ശേരി പഞ്ചായത്തിൽ കുറ്റിച്ചിറ വില്ലേജിൽ കലിങ്ങപ്പുറം എന്ന വീട്ടിൽ വച്ച് നടന്നതായ മരണം കട്ടപ്പന നഗരസഭയിൽ രജിസ്റ്റർ ചെയ്ത് നല്കണമെന്നായിരുന്നു സിറ്റിസൺ അദാലത്തിൽ ആവശ്യപ്പെട്ടിരുന്നത്. അദാലത്ത് സമിതി ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയും ,കട്ടപ്പന നഗരസഭ രജിസ്ട്രാറുടെയും, പരാതിയ്ക്കാരന്റേയും ഭാഗം കേൾക്കുകയും ചെയ്തു.

സൂചന 2. പ്രകാരം 01.10.2023 ൽ നിലവിൽ വന്ന കേന്ദ്ര നിയമ ഭേദഗതിയിൽ ഓഫീസ് ഓഫ് ദി രജിസ്ട്രാർ ജനറൽ ഇൻഡ്യ വിജ്ഞാപനം ചെയ്തിട്ടുള്ള 13.09.2023 തിയതിയിലെ നം. 3896 ഇന്ത്യ ഗവൺമെൻറ് ഗസറ്റിൽ SI NO. (M). പ്രിൻസിപ്പൽ ആക്ടിലെ സെക്ഷൻ 13, സബ്ബ് സെക്ഷൻ (2).(3) പ്രകാരംജനന/മരണങ്ങൾ നടന്ന അധികാര പരിധിയിൽ മാത്രമെ രജിസ്റ്റർ ചെയ്യാവൂ എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്.ആയതിനാൽ 01.10.2023 ന് ശേഷം രജിസ്ട്രാറുടെ അധികാര പരിധിയ്ക്ക് പുറത്ത് നടന്ന മരണം കട്ടപ്പന നഗരസഭ രജിസ്ട്രാർക്ക് രജിസ്റ്റർ ചെയ്യാൻ നിയമപരമായി കഴിയില്ലാത്തതാണ്.

മേൽ സാഹചര്യത്തിൽ ശ്രീ ഷിബു, കറ്റുവീട്ടിൽ,വള്ളക്കടവ്,കട്ടപ്പന എന്നയാളുടെ മാതാവായിരുന്ന തങ്കമ്മ ഫൽഗുനൻ എന്നയാളുടെ മരണം നടന്ന ഇരിങ്ങാലക്കുട റവന്യൂ ഡിവിഷനിൽപ്പെട്ട കോടശ്ശേരി ഗ്രാമപഞ്ചായത്തിൽ, പ്രസ്തുത മരണം രജിസ്റ്റർ ചെയ്യാൻ കോടശ്ശേരി ഗ്രാമപഞ്ചായത്ത് ജനന-മരണ രജിസ്ട്രാർക്ക് നിർദ്ദേശം നല്കി ഉത്തരവാകുന്നു. പരാതിയ്ക്കാരനായ . ശ്രീ ഷിബു, കറ്റുവീട്ടിൽ, എന്നയാൾ യഥാവിധി കോടശ്ശേരി ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിയ്ക്കേണ്ടതും ,തുടർന്ന്കോടശ്ശേരി ഗ്രാമപഞ്ചായത്ത് മരണം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്.

ഒപ്പ്

ഇടുക്കി യൂണിറ്റ് 2 ഇൻറേണൽ വിജിലൻസ് ഓഫീസർ

<u>പകർപ്പ്</u>

1. രജിസ്ട്രാർ, കട്ടപന നഗരസഭ

2. ശ്രീ ഷിബു, കറ്റുവീട്ടിൽ,വള്ളക്കടവ്,കട്ടപ്പന

3..രജിസ്രാർ, കോടശ്ശേരി ഗ്രാമപഞ്ചായത്ത്